LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള ഗ്രാമീണ റോഡുകൾ

154 [1395] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഏറ്റെടുത്ത റോഡുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അതിനാവശ്യമായ ഫണ്ട് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2791 കി. മീ.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾക്കൊള്ളിച്ചതിനുശേഷം നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) ലഭിച്ചിട്ടില്ല.

പ്രധാന ജില്ലാതല റോഡുകൾ

155 [1396] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-11-2004-ലെ 1172/2004 ഗവൺമെന്റ് ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഒരോ ജില്ലയിലും പ്രധാന ജില്ലാതല റോഡുകളായി പ്രഖ്യാപിച്ച മറ്റ് ജില്ലാതല റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും പേരുവിവരവും ദൈർഘ്യവും അടങ്ങിയ വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(ബി) പുതിയതായി ഗ്രാമീണ റോഡോ മറ്റ് റോഡുകളോ പ്രധാന ജില്ലാതല റോഡുകളായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇരിക്കൂർ മണ്ഡലത്തിലെ പ്രധാന റോഡുകളായ കണിയാർവയൽ-തിരൂർ-ഉളിക്കൽ റോഡ്, കല്യാട്ട്-ഊരത്തൂർ-തേർമലറോഡ്, ഉദയഗിരി-അരിവിളഞ്ഞപൊയിൽ-ജോസ്ഗിരിറോഡ്, വിളക്കണ്ണൂർ-ഉട്ടുമ്പൻചീത്ത പാലാട്ട് പീറസ് റോഡ്, വിളക്കണ്ണൂർ-പടപ്പയങ്ങാട് റോഡ് എന്നിവ പ്രധാന ജില്ലാതല റോഡാക്കാൻ നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (†)

(ബി) ഉണ്ട്.

(സി) ഇവ ജില്ലാതല റോഡുകളാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

156 [1397] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ അറ്റകുറ്റപ്പണികൾ നടത്തുകയും പുനരുദ്ധരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്ത പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ ;

(സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ച വിശദാംശങ്ങളും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഡി) ഇവയുടെ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ആകെ എത്ര തുക വേണ്ടിവരുമെന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ആകെ 187 കി. മീ. റോഡിന്റെ അറ്റകുറ്റപണികൾ (ഉപരിതലം പുതുക്കൽ ഉൾപ്പെടെ) പൂർത്തിയാക്കി. കൂടാതെ 1.48 കി. മീ. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളും 1.33 കി. മീ. പുതുതായി നിർമ്മിക്കുന്ന റോഡിന്റെ പ്രവർത്തിയും പൂർത്തിയാക്കിവരുന്നു.

(ബി) 697 ലക്ഷം രൂപ.

(സി) ആന്റ് (ഡി) ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന റോഡുകളില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly